# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/109/2018 2018 മെയ് 23

## പത്രക്കുറിപ്പ്

**യു.ജി.സി. – നെറ്റ്/ജെ.ആർ.എഫ്. പരീക്ഷാ പരിശീലനം**

യു.ജി.സി. നടത്തുന്ന മാനവിക വിഷയങ്ങൾക്കുള്ള നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനുവേണ്ടിയുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സർവ്വകലാശാലാ കാമ്പസിൽ വച്ച് നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓഫീസുമായോ 0481 - 2731025 എന്ന നമ്പറിലോ ബന്ധപ്പെടണം.

**സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് മെയ് 30 വരെ അപേക്ഷിക്കാം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗിൽ യു.പി.എസ്.സി. സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷാ പരിശീലനത്തിന് ഈപേ സംവിധാനത്തിലൂടെ 200 രൂപ അടച്ച് മെയ് 30 വരെ ബിരുദവിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ശനി, ഞായർ, മറ്റൊഴിവ് ദിവസങ്ങളിലായാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. റിട്ട. ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബാണ് ഓണററി ഡയറക്ടർ. ജൂൺ 9ന് നടത്തുന്ന അഭിരുചി എഴുത്തുപരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. വിശദമായ വിജ്ഞാപനവും അപേക്ഷാഫോമും www.mgu.ac.in, www.dllemgu.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731560, 2731724. ഇമെയിൽ: mgulifelong@gmail.com

**ജൈവം പെയിന്റിംഗ് എക്സിബിഷൻ വ്യാഴാഴ്ച (മെയ് 24) മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ആഗോള ജൈവ സംഗമത്തോടനുബന്ധിച്ച് നടത്തിയ 'ജൈവം' ചിത്രകലാ ക്യാമ്പിൽ ചെയ്ത പെയിന്റിംഗുകളുടെ പ്രദർശനം മെയ് 24 മുതൽ 28 വരെയുള്ള അഞ്ചു ദിവസങ്ങളിലായി കോട്ടയം പബ്ലിക് ലൈബ്രറി ആർട്ട് ഗാലറിയിൽ നടക്കും. മെയ് 24ന് വൈകീട്ട് 4 മണിക്ക് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രദർശനം ഉദ്ഘാടനം ചെയ്യും. മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറും 'ജൈവം' പ്രോജക്ട് കൺവീനറുമായ എം.ആർ.ഉണ്ണി, സിൻഡിക്കേറ്റംഗം പി.കെ. ഹരികുമാർ, സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ ഡോ. റോയി സാം ഡാനിയേൽ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. കാരയ്ക്കാമണ്ഡപം വിജയകുമാർ (തിരുവനന്തപുരം), ഡോഡ്സി ആന്റണി (തിരുവനന്തപുരം), ജി. ഉണ്ണികൃഷ്ണൻ (മാവേലിക്കര), ഷിജോ ജേക്കബ് (ചങ്ങനാശ്ശേരി), ടി.ആർ. ഉദയകുമാർ (കോട്ടയം), എം.ടി. ജയലാൽ (കോട്ടയം), ടി.എസ്. പ്രസാദ് (കോട്ടയം), ബിജു.സി. ഭരതൻ (കോട്ടയം), വി.എസ്. മധു (കോട്ടയം), പി.എം. യേശുദാസ് (കോട്ടയം), അമീൻ ഖലീൽ (ആലപ്പുഴ), നന്ദൻ പി.വി. (എറണാകുളം), സജിത്ത് പുതുക്കലവട്ടം (എറണാകുളം), സുരേന്ദ്രൻ (എറണാകുളം), ദിനേശ് പി.ജി. (തൃശ്ശൂർ), ബൈജു ദേവ് (പാലക്കാട്), അശോക് കുമാർ ഗോപാലൻ (മലപ്പുറം) ഷാജി കേശവ് (മലപ്പുറം), ജഗേഷ് എടക്കാട് (കണ്ണൂർ), ബബിത കടന്നപ്പള്ളി (കണ്ണൂർ) തുടങ്ങി കേന്ദ്ര സംസ്ഥാന അവാർഡുകൾ നേടിയവരുൾപ്പെടെ 40 ചിത്രകാരന്മാരാണ് ഈ പ്രദർശനത്തിലുള്ളത്. മെയ് 28ന് പ്രദർശനം സമാപിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**